## ആമുഖം

SRG
GLPS, Kottappady(S)

കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ തെക്ക് ഭാഗത്തായി അശമന്നൂർ പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന സ്കൂളാണ് ഗവ.എൽ.പി. എസ് (തെക്കേമലയാളം സ്കൂൾ). കർത്താക്കന്മാരുടെ ഭരണത്തിലായിരുന്നു ഈ പ്രദേശങ്ങളെല്ലാം. 'കോട്ട' എന്നാണറിയപ്പെട്ടിരുന്നത്. അതിനാൽ കോട്ടയുടെ പടി ആയ സ്ഥലം കോട്ടപ്പടി എന്ന പേരിലറിയപ്പെട്ടു.

സ്കൂളിനോട് ചേർന്നുള്ള പ്രദേശങ്ങളെല്ലാം നെൽവയലുകളാലും കൃഷിസ്ഥലങ്ങളാലും സമൃദ്ധമാണ്. കോലാൽ തോടിലെ വെള്ളമാണ് ഭൂരിഭാഗം ജനങ്ങളുടെയും പ്രകൃതിയെ സമൃദ്ധമാക്കിയത്. പുരാതനമായ ക്ഷേത്രമായ ആനവണ്ടിക്കോട്ട ഇതിനടുത്തായാണ് സ്ഥിതി ചെയ്യുന്നത്. ഇങ്ങനെ പുരാതനമായും കാർഷികപരമായും വിദ്യാഭ്യാസ പരമായും ഉയർന്നു നിൽക്കുന്ന ഒരു പാരമ്പര്യമാണ് ഇവിടെ നിലനിൽക്കുന്നത്.

LPS KOTTAPPADY SOUTH
KOTTAPPADY P.O.
PIN - 686 692

SRG
GLPS, Kottappady(S)

SRG
GLPS, Kottappady(S)



ഗവ. എൽ. പി. എസ്, കോട്ടപ്പടി സൗത്ത്.

ഞങ്ങളുടെ പൊതുവായ ലക്ഷ്യങ്ങൾ.

1. LKG മുതൽ $V^{th}$ ക്ലാസ്സുവരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസ്സുകളിൽ അടിസ്ഥാന പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക. കൂടാതെ മികവാർന്ന ബോധനവും നൽകുക.

2. ആധുനിക കാലഘട്ടത്തിൽ വിരൽത്തുമ്പിൽ അറിവ് എന്ന ബോധന മാധ്യമത്തെ (ICT) എല്ലാവിഷയങ്ങളുമായി ബന്ധിപ്പിച്ചുള്ള അറിവ് നിർമ്മാണം നടത്തുക.
(ദൃശ്യങ്ങൾ, രചനകൾ, സംഖ്യകൾ, കല-കായികം, പ്രവൃത്തിപരിചയം, ഗണിതം, പരിസരപഠനം ഇംഗ്ലീഷ്, മലയാളം etc..)

3. പുതുമനിറഞ്ഞതും വിദ്യാർത്ഥികളിൽ നന്മയും സാമൂഹ്യബോധവും ഉത്തരവാദിത്വവും സർഗാത്മകതയും ഉണർത്തുന്ന പഠന പാഠ്യേതര പ്രവർത്തനങ്ങളും പങ്കുവെക്കലിനുള്ള അവസരം ഒരുക്കൽ
(സ്കൂൾ പത്രനിർമ്മാണം)

4. മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വിവിധങ്ങളായ ചോദ്യങ്ങൾക്ക് മറുപടി പറയാനുള്ള കഴിവ് പരിശീലനത്തിലൂടെ നൽകുക. അതിനുവേണ്ടി "ഡിബേറ്റ് കോർണർ" സ്ഥാപിച്ച് കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

വിശ്വസ്തതയോടെ,
ആമിന ബീവി. എം. ഇ.
സ്കൂൾ ഹെഡ്മിസ്ട്രസ്സ്.
— ഗവ. എൽ. പി. എസ്. സൗ.

SRG
GLPS, Kottappady(S)

Govt. LPS KOTTAPPADY SOUTH
PIN-686 692
KOTTAPPADY P.O.

# മലയാളം

SRG
GLPS, Kottappady(S)



1. മലയാളത്തിലെ വിഖ്യാതരായ എഴുത്തുകാരെയും പുസ്തകങ്ങളെയും അടുത്തറിയാൻ അവസരം നൽകുന്നു. വായനാവാരം തുടർ വായന-വർഷമായി ആചരിക്കും.
2. ആശയം ഗ്രഹിച്ചു വായിക്കാനും വ്യക്തതയോടെ എഴുതുന്നതിനുമുള്ള ശേഷി ഉറപ്പാക്കും.
3. ക്ലാസ്സ് ലൈബ്രറികളിലേക്ക് മെയിൻ ലൈബ്രറികളിൽ നിന്നും പുസ്തകങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കും.
4. ഭാഷാ ശേഷിയുടെ വികാസത്തിന് കമ്പ്യൂട്ടർ കീബോർഡിൽ (മലയാളം) മലയാള വാക്കുകൾ ടൈപ്പ് ചെയ്തു പ്രൊജക്ടറിലൂടെ സ്ക്രീനിൽ കാണിക്കുകയും തെറ്റുകൾ വരുത്തുന്നതു അപ്പോൾ തന്നെ തിരുത്തുകയും ചെയ്യുന്നു. ഇതിലൂടെ ഭാഷാ പഠനത്തിനുള്ള താൽപ്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു.
5. ആവശ്യമുള്ള കുട്ടികൾക്ക് വർത്തമാന പത്രം വീട്ടിൽ കൊണ്ടുപോയി വായിക്കാനുള്ള അവസരം കൊടുത്ത് ഭാഷയോടുള്ള താൽപര്യം ഉണ്ടാക്കി നിരന്തര വായന സാധ്യമാക്കുന്നു.
6. കവിതകൾ (കുട്ടിക്കവിതകൾ) കഥകൾ, ആലപിക്കാനും പറയാനുമുള്ള അവസരം നൽകുന്നു. തുടർന്ന് എഴുതുവാനും അവസരം നൽകുന്നു. മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകി ടി ശേഷികൾ ക്രമാനുഗതമായി ഉയർത്തുന്നു.

SRG
GLPS, Kottappady(S)

## ഇംഗ്ലീഷ്.

1. ഇംഗ്ലീഷിൽ ഭയമില്ലാതെ സംസാരിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കും
2. "Student speak to teachers and Teachers speak to Student Programme" തുടക്കം കുറിച്ചു.
3. ലാംഗ്വേജ് ലാബ് സജ്ജമാക്കും
4. വിവരവിനിമയ സാങ്കേതിക വിദ്യ (ICT) ഇംഗ്ലീഷ് പഠനത്തിന് സാധ്യമാക്കും
5. ഇംഗ്ലീഷ് ഭാഷയുടെ വികസനത്തിന് ഇംഗ്ലീഷ് അക്ഷരങ്ങൾ, വാക്കുകൾ തുടങ്ങിയവ കീബോർഡിൽ ടൈപ്പ് ചെയ്തു സ്ക്രീനിൽ കാണിക്കുക തെറ്റുകൾ തിരുത്തി ഇംഗ്ലീഷ് പഠനത്തിന് താൽപര്യം ജനിപ്പിക്കും.
6. ഹലോ ഇംഗ്ലീഷ് പദ്ധതിയുടെ ചുവടുപിടിച്ച് "Easy English Programme" നടത്തും. (കോൺവർസേഷന് പ്രാധാന്യം നൽകാൻ മോഡൽ വീഡിയോസ് ഡൗൺലോഡ് ചെയ്തു കുട്ടികളെക്കൊണ്ട് റോൾപ്ലേ ചെയ്യിപ്പിക്കും)
7. മാസത്തിലൊരിക്കൽ ഇംഗ്ലീഷ് പത്രം (സ്കൂൾ പത്രം) പുറത്തിറക്കും (കുട്ടികളുടെ പിറന്നാൾ, സ്കൂൾ വാർത്തകൾ etc... വിഷയങ്ങൾ)

GLPS KOTTAPPADY SOUTH PIN - 686 692

## ഹിന്ദി

1. ഹിന്ദിയിൽ ആശയ വിനിമയത്തിനുള്ള ശേഷികൾ വികസിപ്പിക്കും
2. UKG മുതൽ ഹിന്ദി ഭാഷയുടെ അടിസ്ഥാന പാഠങ്ങൾക്ക് ആരംഭം കുറിക്കും.
3. വിവര വിനിമയ സാങ്കേതിക വിദ്യ ഹിന്ദി ഭാഷാ പഠനത്തിനു വേണ്ടി ഫലപ്രദമായ രീതിയിൽ ഉപയോഗിക്കും
4. ഹിന്ദി ലാംഗ്വേജ് ക്ലബ്ബ് സജ്ജമാക്കും.

## കൂടുതൽ കൂട്ടിച്ചേർക്കാൻ.

## ഗണിതം

SRG
GLPS, Kottappady(S)

1. അടിസ്ഥാന പരമായ ഗണിത ക്രിയകൾ (ചതുഷ്ക്രിയകൾ) നിലവാരമനുസരിച്ച് എല്ലാകുട്ടികൾക്കും ഉറപ്പാക്കും.
2. ഓരോ ക്ലാസ്സുകളിലും നേടേണ്ട ഗണിതപരമായ ശേഷികൾ ഓരോ ക്ലാസ്സുകളിലും സമയബന്ധിതമായ് നേടിയിട്ടുണ്ട് എന്നുറപ്പാക്കും.
3. ഗണിതലാബ് സജ്ജമാക്കും.
4. വിവരവിനിമയ സാങ്കേതിക വിദ്യ (ICT) ഗണിത പഠനത്തിനായി ഉപയോഗിക്കും.
5. ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പൊതുധാരയിലെത്തിക്കുന്നതിനായി എല്ലാദിവസവും 1/2 മണിക്കൂർ പരിഹാര പ്രവർത്ത
6. ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണ പ്രവർത്ത ശില്പശാലകൾ സംഘടിപ്പിക്കും.

കൂടുതൽ കൂട്ടിച്ചേർക്കേണ്ടത്.

SRG
GLPS, Kottappady(S)

SRG
GLPS, Kottappady(S)

## ശാസ്ത്രം.

1. വിവര വിനിമയ സാങ്കേതികവിദ്യ (ICT) എല്ലാ ക്ലാസ്സുകളിലേയും പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് ഫലപ്രദമായ രീതിയിൽ ഉപയോഗിക്കും
2. ആധുനിക രീതിയിൽ സജ്ജമാക്കിയ ശാസ്ത്രലാബ് പ്രവർത്തനം കാര്യക്ഷമമാക്കും.
3. ജൈവ വൈവിധ്യ ഉദ്യാനത്തിൽ വിവിധ സസ്യവിഭാഗത്തിൽപ്പെട്ട ചെടികൾ ഉൾപ്പെടുത്തും
4. ശാസ്ത്രാവബോധം വളർത്താൻ സഹായിക്കുന്ന മാസികകൾ കൂടുതൽ വായിക്കാൻ അവസരം നൽകും.
5. വിവിധ തരം മോഡലുകൾ നിർമ്മിച്ച് കുട്ടികൾക്ക് താൽപര്യവും (ശാസ്ത്രം) അവബോധവും സൃഷ്ടിക്കും (റോക്കറ്റ്, സാറ്റലൈറ്റ് etc
6. ഫീൽഡ് ട്രിപ്പിന് പ്രാധാന്യം കൊടുത്ത് കൺമുന്നിൽ കാണുന്ന/നടക്കുന്ന പ്രവർത്തനങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കും
7. കുട്ടിവനം പദ്ധതി – വനത്തിന്റെ ചെറിയ ഒരു പതിപ്പ്, ജീവികളുടെ ആവാസ വ്യവസ്ഥ മനസ്സിലാക്കാം. വിദ്യാലയപരിസരത്തെ. മുഴുവൻ മരങ്ങൾക്കും പേരുകൾ നൽകു

SRG
GLPS, Kottappady(S)

8. ഘട്ടം ഘട്ടമായി 300 ഗ്രോബാഗുകളിൽ കൃഷി
9. ഔഷധോദ്യാനം – ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നു. തിരിച്ചറിയുന്നു.
10. പൂന്തോട്ടം നിർമ്മിക്കുന്നു (അങ്കണം)
11. പരിസ്ഥിതി ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, കൃഷി ക്ലബ്ബ് എന്നിവയുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കും.
12. സേവന വാരത്തോടനുബന്ധിച്ച് വർഷംതോ: (ഒക്ടോബർ 2) ഗാന്ധിമരങ്ങൾ വെച്ചുപിടിപ്പിക്കും.

കൂടുതൽ കൂട്ടിച്ചേർക്കാൻ.

# സാമൂഹ്യശാസ്ത്രം

SRG
GLPS, Kottappady(S)

1. വിവര സാങ്കേതിക വിദ്യ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തും
2. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ മാത്രം കുട്ടികൾ ഒതുങ്ങി നിൽക്കാതെ സമൂഹത്തിലേക്കിറങ്ങി അനുഭവങ്ങളിലൂടെ പഠിക്കാൻ അവസരം ഒരുക്കുന്നു.
3. ഹെറിറ്റേജ് മ്യൂസിയം ഒരുക്കും
4. ചരിത്രകാരന്മാരെക്കുറിച്ചുള്ള അറിവുകൾ ICT സാധ്യതയിലൂടെ അവതരിപ്പിക്കും
5. സാമൂഹ്യശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നു.
6. പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്.
7. ദേശീയ ദിനാഘോഷങ്ങൾ ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ

കൂടുതൽ കൂട്ടിച്ചേർക്കാൻ

GLPS KOTTAPPADY SOUTH
KOTTAPPADY P.O.
PIN - 686 692

SRG
GLPS, Kottappady(S)

## ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യ (ICT)

1. വിവര വിനിമയ സാങ്കേതിക വിദ്യ എല്ലാ ക്ലാസ്സുകളിലും ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തും
2. എല്ലാ ക്ലാസ്സുകളിലും മൾട്ടിമീഡിയ ഹൈടെക് ലാബുകളാക്കും.
3. LKG മുതൽ Vth വരെയുള്ള ക്ലാസ്സുകളിൽ എൽസിഡി പ്രൊജക്ടർ ചേർന്നുള്ള മൾട്ടിമീഡിയ പഠനസൗകര്യം ഒരുക്കും
4. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ പരിശീലനം ഫലപ്രദമായ രീതിയിൽ (ICT) നടപ്പിലാക്കാൻ സാധിക്കുന്നുണ്ട്. (കളികളിലൂടെയും ചിത്രങ്ങൾ, ശബ്ദങ്ങൾ തുടങ്ങിയവ കുട്ടിക്ക് താൽപര്യം ജനിപ്പിക്കുന്നതാണ്)

## കൂടുതൽ കുട്ടികളെ ചേർക്കാൻ

GLPS Kottappady(S)

## പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ പരിശീലനം

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കും
2. പഠന പിന്നോക്കാവസ്ഥക്കുള്ള പരിഹാര ബോധനം
3. മൂന്ന് ഭാഷകളിലും എഴുതാനും വായിക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെയും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പൊതുധാരയിലെത്തിക്കാൻ എല്ലാദിവസവും 1/2 മണിക്കൂർ പ്രത്യേകപരിശീലനം
4. കുട്ടികൾക്ക് വ്യക്തിഗത പിന്തുണ ഉറപ്പാക്കി പഠനപ്രവർത്തന പിന്തുണ നൽകുന്നു.

## കൂടുതൽ കുട്ടിച്ചേർക്കാൻ

SRG
GLPS, Kottappady(S)

## പ്രവൃത്തി പരിചയം

1. പാഴ് വസ്തുക്കളിൽ നിന്ന് പഠനപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കുവാനുള്ള കഴിവുകൾ വളർത്തും.
2. പ്രവൃത്തി പരിചയ ലാബ് സജ്ജമാക്കും.
3. മറ്റുള്ള വിഷയവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിച്ചുകൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ ഒരുക്കും.

കൂടുതൽ കൂട്ടിച്ചേർക്കാൻ.

SRG
GLPS, Kottappady(S)

# ആരോഗ്യകായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കും
2. ആരോഗ്യശീലങ്ങൾ വളർത്തുന്ന [illegible] വ്യായാമ പരിശീലനം നൽകും.
3. കുട്ടികൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ ലഭ്യമാക്കും.
4. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കും.
5. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ആതുരസേവനം ലഭ്യമാക്കും.

കൂടുതൽ കൂട്ടിച്ചേർക്കാൻ.

## ഉപസംഹാരം

ഇന്നത്തെ സമൂഹത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് വലിയ പ്രാധാന്യമുണ്ട്. ഓരോ ദിവസം ചെല്ലുംതോറും കുട്ടികളിൽ മൂല്യച്യുതി വന്നുകൊണ്ടിരിക്കുന്നു. കുട്ടികളിലെ കലാ- കായിക- പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാൻ നമുക്ക് ഈ ഉദ്യമത്തിൽ പങ്കാളികളാകാം. നാം വിഭാവനം ചെയ്യുന്ന തരത്തിൽ നമ്മുടെ കുട്ടികളെയും മാറ്റിയെടുക്കാൻ നമുക്ക് ഈ പ്രവർത്തനത്തിലൂടെ സാധിക്കട്ടെ..... ഇതിനായി പ്രാർത്ഥിക്കുന്നു.......

23/6/25
AEO